"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് - ഐ.പി-കൾ സ്വന്തം നിലയ്ക്ക് വാങ്ങുന്ന CPAP, BIPAP machines, Oxygen Concentrator എന്നീ ഉപകരണങ്ങളുടെ വില റീ-ഇംബേഴ്സ് ചെയ്ത് നൽകുന്നതിന് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

**തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.390/2025/LBR തീയതി,തിരുവനന്തപുരം, 25-03-2025

പരാമർശം:- 1. 28.10.2019 ലെ സ.ഉ (കൈ) നം.52/2019/തൊഴിൽ.

2. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ 28.05.2021, 11.08.2022, 09.08.2023,0 6/12/2023 തിയതികളിലെ MRC4-18495/2020/DIMS നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

ഇ.എസ്.ഐ ഗുണഭോക്താക്കൾ എംപാനൽഡ് ആശുപത്രികളിലോ അടിയന്തിര സാഹചര്യങ്ങളിൽ സ്വകാര്യ ആശുപത്രികളിലോ ചികിത്സ നേടുന്ന പക്ഷം സമർപ്പിക്കുന്ന മെഡിക്കൽ റീഇംബേഴ്സ്മെന്റ് ക്ലെയിമുകൾ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ വകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന സി.ജി.എച്ച്.എസ് നിരക്ക് പ്രകാരം അനുവദിച്ച് നൽകുന്നതിന് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരിക്ഷിത വ്യക്തികൾ സ്വന്തം നിലക്ക് വാങ്ങുന്ന CPAP (Continuous Positive Airway Pressure), BIPAP (Bi-level Positive Airway Pressure) machines, Oxygen Concentrator പോലുള്ള ഉപകരണങ്ങളുടെ വില റീ-ഇംബേഴ്സ് ചെയ്ത് നൽകുന്നതിന് സി.ജി.എച്ച്.എസ് നിരക്കിൽ അനുശാസിക്കുന്ന പരമാവധി തുകയെക്കാൾ കവിയാൻ പാടില്ല എന്നതിലും കൂടാതെ ടി ഉപകരണങ്ങൾ വാടകക്ക് എടുത്താൽ ഏത് റേറ്റാണ് അനുവദിക്കേണ്ടത് എന്നതിലും വ്യക്തത വരുത്തണമെന്ന് പരാമർശം 2 പ്രകാരം ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇ.എസ്.ഐ ആശുപത്രികളിലും ഇ.എസ്.ഐ എംപാനൽഡ് ആശുപത്രികളിലും സ്പെഷ്യലിസ്റ്റ് നിർദ്ദേശിച്ച് പരിക്ഷിത വ്യക്തികൾ സ്വന്തം നിലയ്ക്ക് വാങ്ങുന്ന CPAP, BIPAP machines, Oxygen Concentrator എന്നീ ഉപകരണങ്ങളുടെ വില റീ-ഇംബേഴ്സ് ചെയ്ത് നൽകുന്നതിന് സി.ജി.എച്ച്.എസ്. നിരക്കിൽ അനുശാസിക്കുന്ന പരമാവധി

തുകയെക്കാൾ കവിയാൻ പാടില്ല എന്നും, ടി ഉപകരണങ്ങൾ വാടകയ്ക്ക് എടുത്താൽ സി.ജി.എച്ച്.എസ്. നിരക്ക് അനുവദിച്ച് നൽകുന്നതിനും ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
അണ്ടർ സെക്രട്ടറി

ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്, തിരുവനന്തപുരം.
റീജിയണൽ ഡയറക്ടർ, ഇ.എസ്.ഐ കോർപ്പറേഷൻ, പഞ്ചദ്വീപ് ഭവൻ, നോർത്ത് സ്വരാജ് റൗണ്ട്, തൃശ്ശൂർ - 680 020
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ്&ന്യൂ മീഡിയ)വകുപ്പ് (സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Ajish Kumar A
Date: 26-03-2025 10:51:49
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

**മേലെഴുത്ത് നം: MRC1/4013/2023/DIMS തീയ്യതി 02/04/2025**

സർക്കാരിന്റെ 25.03.2025- ലെ സ.ഉ(സാധാ)നം.390/2025/LBR ഉത്തരവ് പ്രകാരം ഇ എസ് ഐ ആശുപത്രികളിലും, ഇ എസ് ഐ എംപാനൽഡ് ആശുപത്രികളിലും സ്പെഷ്യലിസ്റ്റ് നിർദ്ദേശിച്ച പരിരക്ഷിത വ്യക്തികൾ സ്വന്തം നിലക്ക് വാങ്ങുന്ന CPAP(Continous positive Airway pressure), BIPAP (Bi - Level Positive Airway Pressure) machines, Oxygen concentrator എന്നീ ഉപകരണങ്ങളുടെ വില റീഇംബേഴ്സ് ചെയ്തു നൽകുന്നതിന് സി ജി എച്ച് എസ് നിരക്കിൽ അനുശാസിക്കുന്ന പരമാവധി തുകയേക്കാൾ കവിയാൻ പാടില്ല എന്നും, ടി ഉപകരണങ്ങൾ വാടകയ്ക്കു എടുത്താൽ സി ജി എച്ച് എസ് നിരക്ക് അനുവദിച്ചു നൽകേണ്ടതുമാണ് എന്ന വിവരം എല്ലാ സ്ഥാപന മേലധികാരികളെയും അറിയിക്കുന്നു. (29.03.2025- ല് ഈ ഓഫീസിൽ നിന്നും പുറപ്പെടുവിച്ച ഇതേ നമ്പർ സർക്കുലർ റദ്ദ് ചെയ്ത വിവരം അറിയിക്കുന്നു.).

**ഡോ.സിനി പ്രിയദർശിനി.വി.എ**
**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ (I/C)**
Signed by
Cini Priya Darsini V A
Date: 02-04-2025 16:16:18

പകർപ്പ് :-
എല്ലാ സ്ഥാപനമേലധികാരികൾക്കും